(ബി) പരാതി ലഭിച്ചു കഴിഞ്ഞാൽ കിർത്താഡ്സിലെ വിജിലൻസ് സെൽ 1996-ലെ ആക്ട് 11-ലെ ചട്ടപ്രകാരമുള്ള അന്വേഷണം ആരംഭിക്കുന്നു. പ്രാഥമിക അന്വേഷണത്തിനുശേഷം നോട്ടീസ് നൽകി അന്വേഷണം നേരിടുന്ന വ്യക്തിയുമായി കൂടിക്കാഴ്ച നടത്തുന്നു. ടിയാന്റെ വിശദമായ വംശാവലി ശേഖരിക്കുകയും അതിനുപോത്ബലകമായ തെളിവുകൾ പരിശോധിക്കുകയും ചെയ്യുന്നു. എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കിയശേഷം റിപ്പോർട്ട് സ്ക്രൂട്ടിനി കമ്മിറ്റിക്ക് അയച്ചുകൊടുക്കുന്നു. പ്രവേശന പരീക്ഷയുമായി ബന്ധപ്പെട്ട കേസുകളിൽ പ്രവേശന പരീക്ഷാ കമ്മീഷണറേറ്റിൽ പ്രവർത്തിക്കുന്ന സ്ക്രീനിംഗ് കമ്മിറ്റിക്കാണ് റിപ്പോർട്ട് സമർപ്പിക്കുന്നത്.

(സി) കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ 42 ഉദ്യോഗസ്ഥരെ സംബന്ധിച്ച റിപ്പോർട്ടുകൾ കിർത്താഡ്സിൽ നിന്ന് സ്ക്രൂട്ടിനി കമ്മിറ്റിക്ക് ലഭിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

(ഡി) സ്ക്രൂട്ടിനി കമ്മിറ്റി കുറ്റക്കാരെന്നു കണ്ടെത്തിയ ഉദ്യോഗസ്ഥരുടെ പേരിൽ നടപടി എടുത്തുകഴിഞ്ഞാൽ ഒരു കോടതിയിൽ റിട്ട് ഫയൽ ചെയ്ത് ഉത്തരവിനെതിരെ സ്റ്റേ സമ്പാദിക്കലാണ് ഇപ്പോൾ കണ്ടുവരുന്ന പ്രവണത. ഇക്കാരണത്താൽ ഉദ്യോഗസ്ഥരെ ഉടനടി പിരിച്ചുവിടാൻ കഴിയുന്നില്ല. പിരിച്ചുവിടുന്ന നടപടി അന്തിമമായി നിർവ്വഹിക്കുന്നത് ബന്ധപ്പെട്ട വകുപ്പുകളാണ്. അതിനാൽ കഴിഞ്ഞ രണ്ടു വർഷത്തെ സ്ഥിതിവിവരക്കണക്കുകൾ ഇപ്പോൾ ലഭ്യമല്ല.

(ഇ) അന്വേഷണത്തെ ബാധിക്കുമെന്നുള്ളതുകൊണ്ട് ഇക്കാര്യത്തിൽ വിശദവിവരങ്ങൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

(എഫ്) പരാതികളിന്മേൽ ചട്ടപ്രകാരമുള്ള അന്വേഷണ നടപടികൾ നടന്നുവരുന്നു.

(ജി) അന്വേഷണത്തെ ബാധിക്കുമെന്നതിനാലും കോടതിയുടെ പരിഗണനയിലിരിക്കുന്നതിനാലും ഇക്കാര്യത്തിൽ വിശദവിവരങ്ങൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

(എച്ച്) ഉണ്ട്.

(ഐ) ഇക്കാര്യത്തിൽ ആശയക്കുഴപ്പം ഒഴിവാക്കുന്നതിനായി ആയിരത്തി ഇരുന്നൂറോളം റവന്യൂ ഉദ്യോഗസ്ഥർക്ക് കിർത്താഡ്സിന്റെ ആഭിമുഖ്യത്തിൽ പരിശീലനം നൽകിയിട്ടുണ്ട്.

മുള്ളൻകൊല്ലി-മരക്കടവ് ആദിവാസി കോളനിയിൽ സമഗ്ര വികസന പദ്ധതി പ്രവർത്തനങ്ങൾ

91 (1779) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ മുള്ളൻകൊല്ലി മരക്കടവ് ആദിവാസി കോളനിയിൽ സമഗ്ര വികസന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ പ്രസ്തുത വികസന പദ്ധതിപ്രകാരം ഏറ്റെടുത്ത് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്കായി എത്ര രൂപ അനുവദിച്ചുവെന്നും, എത്ര രൂപ ചെലവാക്കിയെന്നും വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിപ്രകാരം എത്ര വീടുകൾക്ക് വൈദ്യുതി സൗകര്യം ഏർപ്പെടുത്തിയെന്നും, എത്ര പുതിയ വാട്ടർ ടാപ്പുകൾ സ്ഥാപിച്ചുവെന്നും വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത പദ്ധതിപ്രകാരം എത്ര മീറ്റർ റോഡ് പണിതുവെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഈ പ്രദേശത്തെ എത്ര വിദ്യാർത്ഥികൾക്ക് യൂണിഫോം വിതരണം ചെയ്തെന്ന് അറിയിക്കാമോ ;

(ജി) ഈ കോളനിയിൽ പട്ടിണിമൂലം മരണപ്പെട്ട ശാന്ത, അമ്മിണി എന്നിവരുടെ കുടുംബാംഗങ്ങൾക്ക് എന്തൊക്കെ സഹായം ലഭ്യമാക്കിയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) നടപ്പിലാക്കിവരുന്നു.

(ബി)

1. കോളനിയിലെ കിണർ റിപ്പയർ ചെയ്തു.
2. കുടിവെള്ളത്തിന് ആറ് ടാപ്പുകൾ അനുവദിച്ചു.
3. പതിനൊന്ന് കുടുംബങ്ങൾക്ക് റേഷൻകാർഡ് നൽകി.
4. ഹോമിയോ-അലോപ്പതി മെഡിക്കൽ ക്യാമ്പുകൾ നടത്തി.
5. പതിനേഴ് വീടുകളുടെ വയറിംഗ് റിപ്പയർ ചെയ്തു.
6. പതിനഞ്ച് കുടുംബങ്ങൾക്ക് വൈദ്യുതി റീ കണക്ഷൻ നൽകി.

(സി) ഈ പദ്ധതിക്കായി പ്രത്യേക തുക മാറ്റിവച്ചിട്ടില്ല. ഓരോ ഡിപ്പാർട്ട്മെന്റും അതാത് വർഷത്തെ ഫണ്ടിൽ നിന്നും തുക വിനിയോഗിക്കും. ഇതുവരെ 57,500 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) ഇരുപത്തിനാല് വീടുകൾക്ക് വൈദ്യുതി നൽകുകയും ആറ് പുതിയ വാട്ടർ ടാപ്പുകൾ സ്ഥാപിക്കുകയും ചെയ്തു.

(ഇ) റോഡ് പണികൾ ഏറ്റെടുത്തിട്ടില്ല.

(എഫ്) യൂണിഫോം വിതരണം നടത്തിയിട്ടില്ല.

(ജി) ഈ കോളനിയിൽ പട്ടിണിമൂലം ആരും മരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly